

# മഹല്ല് സംവിധാനത്തിന് ഒരു രൂപരേഖ

മസ്ജിദ് കൗൺസിൽ കേരള

ഇസ്‌ലാമിക സമൂഹത്തിന്റെ വളർച്ചയും പുരോഗതിയും ശാക്തീകരണവും സാധ്യമാവുക മഹല്ല് സംവിധാനത്തിലൂടെയാണ്. അതോടൊപ്പം ഇതര സമൂഹങ്ങൾക്ക് ഇസ്‌ലാമിന്റെ അനുഗ്രഹങ്ങൾ അനുഭവിച്ചറിയാൻ അവസരമൊരുക്കാനും മഹല്ലുകൾക്കു സാധിക്കും; സാധിക്കേണ്ടതുണ്ട്.

കക്ഷിഭേദമന്യേ കേരളത്തിലെ ഏതു പള്ളി മഹല്ലിനും സ്വീകരിക്കാവുന്ന ചില പരിപാടികളാണ് ഇവിടെ സമർപ്പിക്കുന്നത്.

## പ്രദേശത്തെ സംബന്ധിച്ച പഠനം

മഹല്ല് ഭാരവാഹികൾക്ക് തങ്ങളുടെ പ്രദേശത്തെയും അവിടത്തെ മുഴുവൻ നിവാസികളെയും സംബന്ധിച്ച സാമാന്യം വിശദമായ അറിവും ധാരണയുമുണ്ടായിരിക്കണം. അതിനായി മഹല്ല് കമ്മിറ്റികൾ തങ്ങളുടെ പ്രവർത്തന വൃത്തത്തിലെ സ്ഥിതി സുക്ഷ്മമായി പഠിക്കാനാവശ്യമായ സർവ്വേ സംഘടിപ്പിക്കണം. ആകെ വീടുകൾ, ജനങ്ങൾ, ജാതി - മതം തിരിച്ചുള്ള കണക്ക്, പൊതു സാമ്പത്തിക സ്ഥിതി, സാമൂഹിക സാംസ്കാരികാവസ്ഥ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു പൊതുവേദികൾ, വിവിധ കൂട്ടായ്മകൾ തുടങ്ങിയവയെ സംബന്ധിച്ച് മനസ്സിലാക്കാൻ സാധിക്കുന്ന സർവേ നടത്തണം.

## പൊതു പ്രവർത്തനങ്ങൾ

ജാതി, മത, രാഷ്ട്രീയ സംഘടനാ ഭേദമില്ലാതെ എല്ലാ വിഭാഗങ്ങളെയും ഉൾപെടുത്തിയും സഹകരിപ്പിച്ചും ഒരു പൊതുവേദി ഉണ്ടാക്കാൻ ശ്രമിക്കുക. പ്രദേശത്തെ സാമുദായിക സൗഹാർദ്ദവും മതസഹിഷ്ണുതയും ഉറപ്പ് വരുത്തുക, ശാന്തിയും സമാധാനവും നില നിർത്തുക, മദ്യം, മയക്കുമരുന്ന്, കളവ്, ചതി, സാമ്പത്തിക തട്ടിപ്പുകൾ, പരിസരമലിനീകരണം, മാഫിയ സംഘങ്ങൾ എന്നിവക്കെതിരെ കൂട്ടായ ശ്രമം

നടത്തുക, മാരക രോഗത്തിനടിപ്പെട്ട ദിരിദ്രരെ സഹായിക്കുക, പഠിക്കാൻ സമർഥരായ ദരിദ്ര വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുക; ഇങ്ങനെ പ്രദേശത്തിന്റെ സമാധാനവും സുരക്ഷിതത്വവും സുഭിക്ഷതയും ക്ഷേമവും ഉറപ്പു വരുത്തലായിരിക്കണം ഈ പൊതു വേദിയുടെ ലക്ഷ്യം .

## മഹല്ല് അംഗങ്ങൾ

മഹല്ലിന് വ്യക്തമായ അംഗത്വ വ്യവസ്ഥ ഉണ്ടായിരിക്കണം. നിശ്ചിത ഫോറത്തിൽ അപേക്ഷ പൂരിപ്പിച്ച് വാങ്ങിയായിരിക്കണം അംഗത്വം നൽകുന്നത്. അംഗത്വഫോറത്തിൽ നിന്ന് അയാളുടെ വിദ്യാഭ്യാസ യോഗ്യത, തൊഴിൽ, സാമ്പത്തികാവസ്ഥ, പ്രായം, കുടുംബം, അതിലെ അംഗങ്ങൾ, സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ, വിദ്യാർത്ഥികൾ, വിവാഹിതർ, തൊഴിലുള്ളവർ, അവരുടെ തൊഴിൽ, തൊഴിലാർത്ഥികൾ, കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത തുടങ്ങിയ വിശദാംശങ്ങൾ മനസ്സിലാക്കാൻ സാധിക്കണം. എല്ലാവരിൽ നിന്നും ഫോറം പൂരിപ്പിച്ചു വാങ്ങി അവ ക്രോഡീകരിക്കുന്നതിലൂടെ മഹല്ലിലെ കുടുംബനാഥന്മാർ, കുടുംബ നാഥന്മാരല്ലാത്ത അംഗങ്ങൾ, അവരുടെ വിദ്യാഭ്യാസ യോഗ്യത, തൊഴിൽ, തൊഴിൽ ആവശ്യമുള്ളവർ, തൊഴിൽ ദാതാക്കൾ, വിവാഹിതർ, അവിവാഹിതർ, പ്രായം കഴിഞ്ഞ അവിവാഹിതർ, സകാത് നൽകാൻ ബാധ്യസ്ഥർ, സ്വീകരിക്കാൻ അർഹർ, റിലീഫ് പ്രവർത്തനങ്ങളിൽ ശാരീരികമായോ സാമ്പത്തികമായോ പങ്കാളിത്തം വഹിക്കാൻ കഴിയുന്നവർ, റിലീഫ് ആവശ്യമുള്ളവർ, വിദ്യാർത്ഥികൾ, അവർ പഠിക്കുന്ന കോഴ്സുകൾ, വിദ്യാഭ്യാസ സഹായം ആവശ്യമുള്ളവർ തുടങ്ങിയ കാര്യങ്ങളെല്ലാം മനസ്സിലാക്കാൻ സാധിക്കണം. അതിനായി പ്രത്യേകം പട്ടിക തയ്യാറാക്കുകയും വേണം.

## ഇസ്‌ലാമിക ബോധവത്കരണം

മഹല്ല് അംഗങ്ങളുടെ ജീവിതം ഇസ്‌ലാമികമാണെന്ന് ഉറപ്പു വരുത്തുന്നതിൽ മഹല്ല് ഭാരവാഹികളും ഖാദിയും നിതാന്ത ജാഗ്രത പുലർത്തണം. ഖത്വീബുമാർക്കും ഖാദിമാർക്കും നാട്ടിൽ മാന്യമായ സ്ഥാനവും ഉയർന്ന ശമ്പളവും നൽകുക തന്നെ വേണം. അപ്പോഴേ കഴിവും യോഗ്യതയുമുള്ളവർ ഈ രംഗത്തേക്ക് വരികയുള്ളൂ.

സ്ത്രീകൾ പള്ളിയിൽ വരാത്ത പ്രദേശങ്ങളിൽ അവർക്കായി പ്രത്യേകം ഇസ്‌ലാമിക പഠന ക്ലാസുകൾ എല്ലാ ആഴ്ചകളിലും നടത്തണം. സ്ത്രീകൾ പള്ളികളിലെ ജുമുഅകളിൽ പങ്കെടുക്കുന്ന സ്ഥലങ്ങളിൽ മഹല്ല് കമ്മിറ്റികളിൽ അവരെ കൂടി ഉൾപ്പെടുത്തുന്നത് വളരെയേറെ ഗുണകരവും ഫലപ്രദവുമായിരിക്കും.

## ഹോളിഡേ മദ്രസകൾ

നമ്മുടെ നാട്ടിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സാർവത്രികമാവുകയും വിദ്യാർത്ഥികൾ വളരെ നേരത്തെ സ്ഥാപനങ്ങളിലേക്ക് പുറപ്പെടുകയും ചെയ്യുന്നതിനാൽ മഹാഭൂരിപക്ഷത്തിനും ഇന്ന് മദ്രസാ വിദ്യാഭ്യാസം ലഭിക്കുന്നില്ല. ഉണ്ടെങ്കിൽ തന്നെ അത് വളരെ പരിമിതവും പ്രാഥമികവും മാത്രം. അതിനാൽ പ്രതിവാര ഒഴിവു ദിവസങ്ങളും വേനൽകാല അവധിയും മറ്റു ഒഴിവുദിവസങ്ങളും മദ്രസാ വിദ്യാഭ്യാസത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്; ഉപയോഗപ്പെടുത്തേണ്ടതാണ്.

## ഖുർആൻ പഠനവേദി

മഹല്ലിലെ ഖാദിയെയോ ഇമാമിനെയോ മറ്റു യോഗ്യരായ പണ്ഡിതന്മാരെയോ ഉപയോഗപ്പെടുത്തി മുതിർന്നവർക്ക് ഖുർആൻ പഠിക്കാൻ സാധിക്കുന്ന സംവിധാനം എല്ലായിടത്തുമുണ്ടാകണം. ഞായറാഴ്ചയോ മറ്റു ഒഴിവു ദിവസമോ രണ്ടോ മൂന്നോ മണിക്കൂർ ഉപയോഗപ്പെടുത്തിയാൽ ഏറെയൊന്നും പ്രയാസപ്പെടാതെ ഇതുസാധ്യമാകും .

## സകാത് കമ്മറ്റി

എല്ലാ മഹല്ലുകളിലും സകാത് കമ്മറ്റി രൂപീകരിക്കുകയും വ്യവസ്ഥാപിതമായി പ്രവർത്തിക്കുകയും വേണം. സകാത് നൽകാൻ ബാധ്യസ്ഥരായവരിൽ നിന്ന് അത് ശേഖരിച്ച് അർഹരായവർക്ക് നീതി പൂർവ്വം വിതരണം നടത്തുന്നത് ഈ കമ്മറ്റിയായിരിക്കണം.

## പലിശ രഹിത സഹായ നിധി

എല്ലാ മഹല്ലുകളിലും സ്ഥിരം റിലീഫ് കമ്മറ്റികളും പലിശ രഹിത പരസ്പര സഹായ നിധികളും പ്രവർത്തിക്കുന്നത് ഏറെ ഫലപ്രദമായിരിക്കും. പ്രദേശത്തെ അവശതയനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സകാത് മതിയാവാതെ വരുമ്പോഴും പെട്ടെന്നുണ്ടാകുന്ന അത്യാവശ്യങ്ങൾ

നിർവ്വഹിക്കാനും ഒരു സ്ഥിരം റിലീഫ് ഫണ്ട് ഉണ്ടാകുന്നത് നല്ല താണ്. അപ്രകാരം തന്നെ കടം ആവശ്യമായി വരുന്നവർക്ക് നിശ്ചിത കാലത്തേക്ക് പലിശ രഹിതമായി കടം കൊടുക്കാൻ സാധിക്കുന്ന സംവിധാനവും അനിവാര്യമാണ്.

## വിദ്യാഭ്യാസ സമിതി

മഹല്ല് കമ്മറ്റിയുടെ കീഴിൽ ഒരു വിദ്യാഭ്യാസ സമിതി ഉണ്ടാ യിരിക്കണം. പ്രദേശത്തെ മതപരവും ഭൗതികവുമായ വിദ്യാ ഭ്യാസ വളർച്ച ഉറപ്പുവരുത്തേണ്ടത് ഈ സമിതിയാണ്. അദ്ധ്യാ പകർ, മറ്റ് സർക്കാർ ജീവനക്കാർ, വിദ്യാസമ്പന്നരായ മറ്റു വ്യക്തി കൾ, മതപണ്ഡിതന്മാർ, പൊതുപ്രവർത്തകർ തുടങ്ങിയവരെല്ലാം ഈ സമിതിയിലുണ്ടായിരിക്കണം

## സാമ്പത്തിക പുരോഗതിയും അച്ചടക്കവും

മഹല്ല് അംഗങ്ങളുടെ സാമ്പത്തിക വളർച്ചയും ഉയർച്ചയും സാധ്യമാക്കാനാവശ്യമായ സംവിധാനം ഉണ്ടാവണം. മഹല്ല് കമ്മി റ്റിക്ക് അതിനായി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാ ക്കാവുന്നതാണ്.

## ലൈബ്രറിയും റിഡീംഗ് റൂമും

എല്ലാ പള്ളികളോടുമനുബന്ധിച്ച് ഗ്രന്ഥശാലയും റീഡിംഗ്റൂമും സംവിധാനിക്കുക. മുതിർന്നവർ, യുവാക്കൾ, സ്ത്രീകൾ, കുട്ടികൾ, വിദ്യാസമ്പന്നർ, സാധാരണക്കാർ തുടങ്ങി സമൂഹത്തിലെ എല്ലാവിഭാഗക്കാർക്കും ഉപകരിക്കുന്ന ഉത്തമ ഗ്രന്ഥങ്ങളുള്ളവയായിരിക്കണം ലൈബ്രറികൾ. എല്ലാ വിഭാഗ ക്കാർക്കും ഉപകരിക്കുന്ന സി.ഡികളുമുണ്ടായിരിക്കണം.

## കൗൺസലിംഗ് സംവിധാനം

എല്ലാ മഹല്ലുകളിലും വിവാഹപൂർവ്വ കൗൺസലിംഗിനും വിവാഹിതരുടെ കൗൺസലിംഗിനും സൗകര്യമുണ്ടായിരിക്കണം. കൗമാരക്കാർക്കും പഠനത്തിൽ പിറകിലായ വിദ്യാർത്ഥികൾക്കും സ്വാഭാവ വൈകൃതമുള്ള കുട്ടികൾക്കും കൗൺസലിംഗ് ലഭ്യമാ ക്കണം - രക്ഷിതാക്കൾക്ക് പാരന്റിംഗിലും. അതിനായി വർഷ ത്തിൽ ഒന്നോ രണ്ടോ കൗൺസലിംഗ് ക്യാമ്പുകൾ സംഘടിപ്പി ക്കുക. ഇസ്ലാമികാടിത്തറയിൽ കൗൺസലിംഗ് നടത്തുന്ന യോഗ്യരായ വ്യക്തികളായിരിക്കണം ഇതിനു നേതൃത്വം നൽകു ന്നത്.

## മസ്‌ലഹത്ത് സമിതിയും കുടുംബ രംഗവും

മഹല്ലിലുണ്ടാകുന്ന പ്രശ്നങ്ങൾ പോലീസ് സ്റ്റേഷനുകളിലും കോടതികളിലും എത്താതെ തന്നെ പരിഹരിക്കാനുള്ള ശ്രമങ്ങളുണ്ടാവണം. അതിനായി എല്ലാ മഹല്ലുകളിലും മസ്‌ലഹത്ത് സമിതികളുണ്ടാവണം. ഖാദി, കമ്മറ്റി ഭാരവാഹികൾ, നാട്ടിൽ സ്വാധീനമുള്ള വ്യക്തികൾ, നിയമവിദഗ്ധർ എന്നിവരുൾക്കൊള്ളുന്നതായിരിക്കണം ഈ സമിതി.

## ക്ലസ്റ്ററുകളായി തിരിക്കുക.

മഹല്ല് അംഗങ്ങളെയും അവിടുത്തെ വീടുകളെയും പത്തോ പതിനഞ്ചോ കുടുംബങ്ങളുള്ള ക്ലസ്റ്ററുകളായി തിരിക്കുക. ഉപര്യുക്ത പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ ഇത് ഏറെ സഹായകമായിരിക്കും. ഓരോ ക്ലസ്റ്ററിനും മേൽനോട്ടം വഹിക്കാൻ മൂന്നംഗ സമിതി ഉണ്ടായിരിക്കണം. ഓരോ ക്ലസ്റ്ററിലെയും കുടുംബങ്ങളിലെ എല്ലാ പ്രശ്നങ്ങളും പഠിക്കുന്നതും പരിഹരിക്കുന്നതും അവരിലൂടെയായിരിക്കും. ഓരോ ക്ലസ്റ്ററിലെയും തെരഞ്ഞെടുക്കപ്പെടുന്ന ഈ മൂന്ന് അംഗങ്ങൾ ചേർന്നതായിരിക്കണം പള്ളികമ്മറ്റി. പത്ത് ക്ലസ്റ്ററുകളാണുള്ളതെങ്കിൽ മുപ്പത് അംഗങ്ങളുള്ള എക്സിക്യൂട്ടീവാണ് മഹല്ലിനുണ്ടാവുക. അവർ തങ്ങളിൽ നിന്നോ പുറത്ത് നിന്നോ മഹല്ല് ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്. മൂന്ന് അംഗമെന്നത് ആവശ്യമെങ്കിൽ വർദ്ധിപ്പിക്കുകയോ കുറക്കുകയോ ചെയ്യാവുന്നതാണ്.

## വനിതാ വേദി

എല്ലാ മഹല്ലുകളിലും ഒരു വനിതാ വേദി ഉണ്ടാകുന്നത് നല്ലതാണ്. പ്രദേശത്തെ അധ്യാപകരും പൊതു പ്രവർത്തകരും വിദ്യാസമ്പന്നരുമായ വനിതകളായിരിക്കണം ഇതിന് നേതൃത്വം നൽകുന്നത്. സ്ത്രീകൾക്ക് വിവാഹത്തിനു മുമ്പും ശേഷവുമുള്ള കൗൺസലിംഗ്, സ്ത്രീകളായ രോഗികളുടെ പരിചരണം, വനിതകളുടെ മയ്യിത്ത് പരിപാലനം , വനിതകളുടെ ഖുർആൻ പഠനവേദി നടത്തൽ , തൊഴിൽ പരിശീലനം നൽകൽ, വിദ്യാർത്ഥിനികൾക്ക് ട്യൂഷൻ നൽകൽ പോലുള്ള പ്രവർത്തനങ്ങളിലൂടെ പ്രദേശത്തെ വനിതകളുടെ മതപരവും ഭൗതികവുമായ വളർച്ചക്ക് മഹല്ലിലെ സ്ത്രീകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നത് വനിതാ വേദിയായിരിക്കണം.

## സേവന വേദി

ശാരീരിക സേവനത്തിന് സന്നദ്ധതയുള്ള ചെറുപ്പക്കാരെ സംഘടിപ്പിച്ച് സേവന വേദിക്ക് രൂപം നൽകുക. മഹല്ലിലെ വിവിധങ്ങളായ സേവനപ്രവർത്തനങ്ങൾക്ക് അവരെ ചുമതലപ്പെടുത്തുകയും യഥാസമയം ഉപയോഗപ്പെടുത്തുകയും ചെയ്യുക.

അനുബന്ധം 1

## വിദ്യാഭ്യാസ സമിതി

വിദ്യാഭ്യാസ സമിതിക്ക് നിർവ്വഹിക്കാവുന്ന ചില പ്രധാന ചുമതലകൾ

1. നേരത്തെ പറഞ്ഞ ഹോളിഡേ മദ്രസകൾ നടത്തുക.
2. ഖുർആൻ പഠന വേദിക്ക് നേതൃത്വം നൽകുക.
3. പ്രദേശത്ത് പത്താം ക്ലാസ് വിദ്യാഭ്യാസമെങ്കിലുമില്ലാത്ത ആരുമില്ലെന്ന് ഉറപ്പു വരുത്തുക.
4. ഹോളിഡേ മദ്രസകളിൽ സ്കൂൾ പഠന വിഷയങ്ങളിലെ ക്ലാസുകൾ മതിയാവാതെ വരുന്നവർക്ക് ട്യൂഷൻ സംവിധാനമുണ്ടാക്കുക. സമ്പന്നരിൽ നിന്ന് ഫീസ് സ്വീകരിച്ചും പാവപ്പെട്ടവർക്ക് സൗജന്യമായും ട്യൂഷൻ നൽകുന്നതായിരിക്കും ഗുണകരം.
5. പ്രദേശത്ത് വ്യത്യസ്ത പരീക്ഷകളിൽ കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് അവാർഡുകൾ നൽകി ആദരിക്കുക.
6. വിവിധ സ്കോളർഷിപ്പുകൾക്ക് അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി അവ സംഘടിപ്പിച്ചു കൊടുക്കുക. ഇത്തരം സ്കോളർഷിപ്പുകളുടെ വിശദവിവരം പള്ളിയിലെ നോട്ടീസ് ബോർഡിൽ പതിക്കുക.
7. വർഷത്തിലൊരിക്കൽ എസ് എസ് എൽ സി, പ്ലസ്ടു, ഡിഗ്രി പാസായ വിദ്യാർത്ഥികളെ ഒരുമിച്ചുകൂട്ടി വ്യത്യസ്ത കോഴ്സുകൾ പരിചയപ്പെടുത്തുക. പ്രധാന കോഴ്സുകളെയും അവയുടെ സാധ്യതകളെയും സംബന്ധിച്ച വിവിരം നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തുക.
8. പത്താം ക്ലാസിനു മുമ്പ് പഠനം നിർത്തുന്ന വിദ്യാർത്ഥികളെ

കണ്ടെത്തി പഠനം തുടരാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

9. സാമ്പത്തിക പ്രയാസത്താൽ ആരുടെയും വിദ്യാഭ്യാസം മുടങ്ങുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടത് ഈ സമിതിയാണ്.
10. പ്രദേശത്തെ അതിസമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ ഫലപ്രദമായ വിദ്യാഭ്യാസത്തിനാവശ്യമായ നിർദ്ദേശം നൽകിക്കൊണ്ടിരിക്കുക.
11. പി.എസ്.സി പരീക്ഷകൾ, പ്രഫഷണൽ കോഴ്സുകൾ, സിവിൽസർവീസ് പരീക്ഷകൾ തുടങ്ങിയവക്കുള്ള പരിശീലനത്തിന് സെന്റർ നടത്തുകയോ സാധ്യമല്ലെങ്കിൽ പ്രദേശത്തെ യോഗ്യരായ വിദ്യാർത്ഥികളെ നിലവിലുള്ള അത്തരം സെന്ററുകളിലേക്ക് അയക്കാനാവശ്യമായ നടപിടി സ്വീകരിക്കുകയോ ചെയ്യുക.
12. നിലവിലുള്ള സാഹചര്യത്തിൽ നിയമപഠനം, പത്രപ്രവർത്തനം, മാനേജ്മെന്റ് കോഴ്സുകൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നത് സമുദായത്തിന് ഏറെ ഗുണകരമായിരിക്കും.
13. പള്ളികളോടനുബന്ധിച്ചുള്ള ലൈബ്രറികളിലെ ഒരു ഷെൽഫ് വിദ്യാർത്ഥികളുടെ പഠന സഹായകമായ പുസ്തകങ്ങൾക്കായി നീക്കിവെക്കുക. ആവശ്യമായ റഫറൻസ് പുസ്തകങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

**അനുബന്ധം: 2**

## സാമ്പത്തിക പുരോഗതിയും അച്ചടക്കവും

1. വിദ്യാർത്ഥികളെയും യുവാക്കളെയും തൊഴിലിന്റെ മഹത്വത്തെ സംബന്ധിച്ച് ബോധവൽകരിക്കുക. അധ്വാനിക്കാതെ ആഹരിക്കുന്നത് ഒഴിവാക്കപ്പെടേണ്ട ഹീനകൃത്യമാണെന്ന് മുഴുവൻ മഹല്ല് നിവാസികളെയും ബോധ്യപ്പെടുത്തുക.
2. ചില തൊഴിലുകൾ മാന്യവും മറ്റു ചിലത് മോശവുമാണെന്ന ധാരണ തിരുത്തുക. ഏതു തൊഴിലും ആർക്കും പഠിക്കാം, ചെയ്യാം എന്ന ബോധം വളർത്തുക.
3. കഴിവും സാമ്പത്തിക ശേഷിയും സാമർത്ഥ്യവുമുള്ളവരെ

തൊഴിൽ സാധ്യതകളുള്ള സംരംഭങ്ങൾ തുടങ്ങാൻ പ്രേരിപ്പിക്കുക.

4. കൃഷി, അടുക്കളത്തോട്ടം, കന്നുകാലിവളർത്തൽ, കോഴിവളർത്തൽ, മത്സ്യം വളർത്തൽ, പലഹാര നിർമ്മാണം പോലുള്ളവക്ക് പ്രേരണയും പ്രോത്സാഹനവും നൽകുക.

5. മഹല്ലിലെ കഴിവും യോഗ്യതയുമുള്ള ഒന്നോ രണ്ടോ വ്യക്തികളെ നാട്ടിലും മറുനാട്ടിലുമുള്ള തൊഴിൽ സാധ്യതകളെ സംബന്ധിച്ച് പഠിക്കാൻ ചുമതലപ്പെടുത്തുക. അങ്ങനെ ലഭിക്കുന്ന വിവരങ്ങൾ അപ്പപ്പോൾതന്നെ പള്ളിയിലെ നോട്ടീസ് ബോർഡിൽ പതിക്കുക. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖല, ഗൾഫ് നാടുകൾ, മററു വിദേശ രാജ്യങ്ങൾ തുടങ്ങിയ സാധ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കി മഹല്ല് നിവാസികളെ അറിയിക്കണം. പി എസ് സി പരീക്ഷ ഉൾപ്പെടെ ഇത്തരം വിവരങ്ങൾ വെള്ളിയാഴ്ച ജുമുഅക്കു ശേഷം വിളംബരം ചെയ്യുന്നത് നല്ലതാണ്.

6. പള്ളി ലൈബ്രറിയിൽ തൊഴിൽ സാധ്യതകളെ സംബന്ധിച്ച പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തുക.

7. തുന്നൽ, ഫർണിച്ചർ നിർമ്മാണം, സോപ്പ് നിർമ്മാണം പോലുള്ളവയിൽ പരിശീലനം നൽകുക.

8. തൊഴിലുപകരണങ്ങൾ ആവശ്യക്കാർക്ക് വിതരണം ചെയ്യുക.

9. അനുവദനീയ മാർഗ്ഗത്തിലൂടെ മാത്രമേ വരുമാനമുണ്ടാക്കാവൂ എന്ന ബോധം മഹല്ലുനിവാസികളിൽ നിരന്തരം വളർത്തിക്കൊണ്ടിരിക്കുക. നിഷിദ്ധമായ വരുമാനമാർഗ്ഗമവലംഭിച്ച ആരെങ്കിലുമുണ്ടെങ്കിൽ ഖാദിയും മഹല്ലു ഭാരവാഹികളും യുക്തിപൂർവ്വം ബന്ധപ്പെട്ട് അതിൽനിന്ന് പിന്തിരിപ്പിക്കുക.

10. ധൂർത്ത്, ദുർവ്യയം, ആർഭാടം തുടങ്ങിയവയ്ക്കെതിരെ മഹല്ലു നിവാസികളെ ബോധവൽകരിച്ചുകൊണ്ടേയിരിക്കുക. വിവാഹം, സൽകാരം, വീടുനിർമ്മാണം തുടങ്ങിയവയിൽ ധൂർത്തും ദൂർവ്യയവും സംഭവിക്കാതിരിക്കാൻ മുൻകൂട്ടി തന്നെ നടപടികൾ സ്വീകരിക്കുക.

11. ഭക്ഷണത്തിലെ അമിതത്വത്തിന്റെ അപകടങ്ങളെസംബന്ധിച്ച് ബോധവൽക്കരിക്കുക. രോഗഹേതുകമായ ഭക്ഷണരീതി ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുക.

**അനുബന്ധം: 3**

## ഭദ്രമായ കുടുംബം

കുടുംബവുമായി ബന്ധപ്പെട്ട് താഴെ കുറിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമത്രെ.

1. വിവാഹവുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും പരാമർശിക്കുന്ന വ്യക്തമായ ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കുക. ധൂർത്തും ദുർവ്യയവും ആർഭാടവും മറ്റു അനാവശ്യ കാര്യങ്ങളും സാമൂഹിക തിന്മകളും പൂർണ്ണമായും ഇല്ലാതാക്കാൻ പര്യാപ്തമായിരിക്കണം പെരുമാറ്റച്ചട്ടം. അത് പള്ളിക്കമ്മറ്റിയുടെ പരിധിയിലുള്ള എല്ലാവരും കണിശമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. അവ പാലിക്കാത്ത വിവാഹങ്ങൾക്ക് പള്ളിക്കമ്മറ്റി സഹകരിക്കുകയോ ഇമാം കാർമികത്വം വഹിക്കുകയോ ഇല്ലെന്ന് തീരുമാനിക്കുക.

2 സ്ത്രീധനം, സൗന്ദര്യഭ്രമം എന്നിവക്കെതിരെ ശക്തമായ ബോധവത്കരണം നടത്തുക. സ്ത്രീധനം വാങ്ങുന്നവരെ നേരിൽകണ്ട് അതിൽനിന്ന് പിന്തിരിപ്പിക്കുക. വാങ്ങിയവരെ തിരിച്ചുകൊടുക്കാൻ പ്രേരിപ്പിക്കുക. സ്ത്രീധനത്തിലെ അനിസ്‌ലാമികതയെയും അശ്ലീലതയെയും സംബന്ധിച്ച് ഖുത്വുബകളിൽ ഇടക്കിടെ ഉൽബോധനം നടത്തുക.

3. മഹല്ലിലെ വിവാഹപ്രായമെത്തിയ സ്ത്രീ പുരുഷൻമാരുടെ പട്ടിക സൂക്ഷിക്കുക. വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന പുരഷൻമാരെ വിവാഹത്തിന് പ്രേരിപ്പിക്കുക. സ്ത്രീകളുടെ വിവാഹം നടത്തിക്കൊടുക്കാൻ മുൻകൈയ്യെടുക്കുക.

4. പണപിരിവു നടത്തി സ്ത്രീധനം നൽകാൻ സഹായിക്കുന്നതിനു പകരം വിവാഹത്തിനും കുടുംബ ജീവിതം നയിക്കാനും പ്രയസപ്പെടുന്ന പുരുഷന്മാരെ സഹായിക്കുന്ന രീതി സ്വീകരിക്കുക. അവർക്ക് തൊഴിലും താമസ സൗകര്യവും വിവാഹത്തിനാവശ്യമായ സഹായവും നൽകുക.

5. ലഹരിക്ക് അടിപ്പെട്ടവരെയും ക്രിമിനൽ സ്വഭാവക്കാരെയും അതിൽനിന്ന് പിന്തിരിപ്പിക്കാൻ പരമാവധി ശ്രമിക്കുക. വിജയിക്കുന്നില്ലെങ്കിൽ അത്തരക്കാരുടെ വിവാഹത്തിന് മഹല്ല് നേതൃത്വം നൽകാതിരിക്കുക.

6. വിവാഹം മഹല്ലിൽ റജിസ്റ്റർ ചെയ്യുക.
7. വിവാഹം പോലെത്തന്നെ വിവാഹമോചനവും മഹല്ല് ഖാദിയുടെയും മസ്‌ലഹത്ത് സമിതിയുടെയും അറിവോടെയും സാന്നിദ്ധ്യത്തിലുമായിരിക്കണം. ദമ്പതികൾക്കിടയിൽ പ്രശ്നങ്ങളുണ്ടായാൽ അവ പരിഹരിക്കാൻ അനുരഞ്ജന സംഭാഷണം നടത്തണം. വിജയിക്കുന്നില്ലെങ്കിൽ ഇരുവരെയും കൗൺസലിംഗിന് വിധേയരാക്കണം. എന്നിട്ടും പ്രശ്നം പരിഹരിക്കുന്നില്ലെങ്കിൽ വിഹാഹമോചനം അനിവാര്യമായി വരികായാണെങ്കിൽ അത് ഉഭയകക്ഷി സമ്മതപ്രകാരമാകാൻ പരമാവധി ശ്രമിക്കണം. ഇദ്ദാ കാലത്തെ ചെലവും മതാഉം മറ്റു ബാധ്യതകളും ചർച്ച ചെയ്ത് തീരുമാനിച്ച ശേഷമായിരിക്കണം ത്വലാഖ് നടക്കുന്നത് . ഒരൊറ്റ ത്വലാഖേ അനുവാദിക്കാവൂ. ഇദ്ദാകാലത്ത് ദാമ്പത്യത്തിലേക്ക് മടങ്ങാൻ ഇരുവരെയും പ്രേരിപ്പിച്ചു കൊണ്ടിരിക്കണം.
8. പ്രാപ്തരായ മക്കളുണ്ടായിട്ടും വൃദ്ധരായ മാതാപിതാക്കൾക്ക് മാന്യമായ സംരക്ഷണം ലഭിക്കാത്ത അവസ്ഥ ഒരു കുടുംബത്തിലും ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തണം.
9. വിവാഹമോചിതരുടെയും വിധവകളുടെയും വിവാഹത്തിന് പ്രത്യേകം ഊന്നൽ നൽകണം.
10. വിവാഹത്തട്ടിപ്പുകൾ നടക്കാതിരിക്കാൻ തികഞ്ഞ ശ്രദ്ധ പൂലർത്തണം. വിദൂര പ്രദേശത്തുകാർക്കും അന്യസംസ്ഥാനക്കാർക്കും വിദേശികൾക്കും പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കുന്നത് സൂക്ഷ്മമായ അന്വേഷണത്തിനും പഠനത്തിനും ശേഷം മാത്രമായിരിക്കണം. ഇക്കാര്യത്തിൽ ബന്ധുക്കളുടെ ദുർബലമായ അന്വേഷണം കൊണ്ട് തൃപ്തരാകരുത്.
11. അനാഥരായ ബാലികാ - ബാലൻമാരുടെ സംരക്ഷണം, വിദ്യാഭ്യാസം, ശിക്ഷണം എന്നിവ പ്രത്യേകം ശ്രദ്ധിക്കണം.
12. രണ്ടാം വിവാഹത്തിന് കാർമ്മികത്വം വഹിക്കുന്നത് ഒന്നിലേറെ ഭാര്യമാരോട് നീതി പുലർത്തുമെന്ന് ഉറപ്പ് വരുത്തിയ ശേഷമായിരിക്കണം. നീതി രഹിതമായ ബഹുഭാര്യത്വത്തിന് മഹല്ല് കൂട്ടുനിൽക്കരുത്.
13. മഹല്ലിൽ നടക്കുന്ന അനന്തരസ്വത്തിന്റെ വിഭജനം പൂർണ്ണ

മായും ഇസ്‌ലാമികമായാണെന്ന് ഉറപ്പ് വരുത്തുക. അതിനായി ഇവ്വിഷയകമായി മഹല്ലുനിവാസികളെ ബോധവത്കരിക്കുക. അനന്തരാവകാശികൾക്കിടയിൽ പ്രശ്നമുണ്ടാവാതിരിക്കാൻ സ്വത്ത് വിഭജനം വൈകാതിരിക്കാൻ ശ്രദ്ധിക്കുക. മരിച്ചയാളുടെ സ്വത്ത് നേരത്തെ ഓഹരിചെയ്യുന്നത് മോശമാണെന്ന ധാരണ മാറ്റിയെടുക്കുക.

14. മഹല്ലുനിവാസികൾക്കിടയിൽ ധാർമ്മിക, സദാചാര നിയമങ്ങളും മൂല്യങ്ങളും വളർത്തിയെടുക്കാനും നിലനിർത്താനും നിരന്തരം യത്നിക്കുക. അശ്ലീലതക്കും നിർലജ്ജതക്കുമെതിരെ സമൂഹത്തെ ബോധവത്കരിക്കുക. ടി വിയും ഇന്റർനെറ്റും മൊബൈലും വരിത്തിയേക്കാവുന്ന അപകടങ്ങളെ സംബന്ധിച്ച ശരിയായ അവബോധം വളർത്തുക.

15. വിദ്യാർത്ഥി – വിദ്യാർത്ഥിനികളുടെ പഠന, വിനോദയാത്രകൾ, വിദ്യാലയങ്ങളിലെ കലോത്സവങ്ങൾ എന്നിവയിലെ ചതിക്കുഴികളെ കുറിച്ച് ബോധവത്കരിക്കുക.

16. വിവാഹം പരമാവധി ലളിതവും അനാചാരമുക്തവുമാക്കാൻ നിർദ്ദേശിക്കുകയും ആവശ്യമെങ്കിൽ ഇടപെടുകയും ചെയ്യുക. വരന്റെ കൂടെ പോകുന്നവരും വരുന്നവരും മാന്യേതരമായി ഒന്നും ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തുക. വിവാഹത്തലേന്ന് രാത്രി അത്യാചാരങ്ങളൊന്നും നടക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ ബന്ധപ്പെട്ടവരെ ബോധവത്കരിക്കുക. വിവാഹം ഒരൊറ്റ പകലിൽ ഒതുക്കാൻ നിർദ്ദേശിക്കുക. മഹല്ലിൽ വിവാഹത്തോടനുബന്ധിച്ച് അഹിതമായതൊന്നും സംഭവിക്കരുത്.

**അനുബന്ധം: 4**

## സേവന വേദി

സേവന വേദിക്ക് നിർവ്വഹിക്കാവുന്ന ചിലകാര്യങ്ങൾ.

1. ഖബറ് കുഴിക്കുന്നതുൾപെടെ ജനാസ സംസ്കരണം.
2. രോഗികളെ ആശുപത്രിയിലെത്തിക്കുക.
3. നിത്യരോഗികളെ പരിചരിക്കുക.
4. പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം

ചെയ്ത് വിവിധ സർക്കാർ പദ്ധതികളുപയോഗിച്ച് നടപ്പാക്കുക.

5. മഹല്ല് മാലിന്യമുക്തമാക്കുക.
6. വർഷത്തിലൊരിക്കൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
7. വർഷത്തിലൊരിക്കൽ ആരോഗ്യ ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
8 പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ പങ്കാളിത്തം.
9. അപകടസന്ദർഭങ്ങളിൽ അത്യാവശ്യകാര്യങ്ങൾ നിർവ്വഹിക്കുക. അതിനായി പ്രാഥമികശുശ്രൂഷയിൽ പരിശീലനംനേടുക. അപകടസന്ധികളെ തരണംചെയ്യാനാവശ്യമായ കഴിവുകളാർജ്ജിക്കുക.

**അനുബന്ധം: 5**

**പൊതു നിർദ്ദേശങ്ങൾ**

1. പള്ളികൾ വിശാലവും സൗകര്യപ്രദവുമായിരിക്കുക. പള്ളികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുക. സാധ്യമെങ്കിൽ പള്ളിയോടനുബന്ധിച്ച് പച്ചക്കറിത്തോട്ടമോ പൂന്തോട്ടമോ സംവിധാനിക്കുക. പള്ളിയുടെ സ്ഥലം പാഴ്നിലമാവാതിരിക്കാൻ ജാഗ്രത പുലർത്തുക.
2. പള്ളി ഇമാമിന് കുടുംബ സമേതം താമസിക്കാൻ സൗകര്യമേർപ്പെടുത്തുന്നത് നന്നായിരിക്കും, സാധ്യമല്ലെങ്കിൽ പള്ളിയോടനുബന്ധിച്ച് സൗകര്യപ്രദമായ റൂമെങ്കിലും സജ്ജമാക്കണം.
3. ഇമാമും ഖാദിയും ഖത്വീബും ഒരാളാകുന്നതിന് വിരോധമില്ല. യോഗ്യനും പ്രാപ്തനുമായിരിക്കണം. മാന്യമായി ശമ്പളം നൽകുകയും വേണം.
4. മുഅദ്ദിനും ഇമാമും  പള്ളി വൃത്തിയാക്കുന്നയാളും ഒരാളാവാതിരിക്കാൻ കണിശത പുലർത്തണം. ബാങ്ക് പരമാവധി ആകർഷകമാക്കാൻ ശ്രമിക്കുക.
5. ഇമാം മഹല്ല് നിവാസികൾക്ക് പ്രാപ്യവും അവരുടെ യഥാർത്ഥ മുറബ്ബി (ശിക്ഷണവും നേതൃത്വവും നൽകു

ന്നയാൾ) യായിരിക്കുകയും വേണം. നാട്ടുകാരുടെ സംശയ നിവാരണത്തിന് അവംലംബിക്കാവുന്ന വ്യക്തിയുമായിരിക്കണം.

6. വർഷത്തിലൊരിക്കൽ മഹല്ലിലെ മുഴുവൻ ആളുകളും പങ്കെടുക്കുന്ന മഹല്ല് സംഗമം സംഘടിപ്പിക്കണം. അതിനോടനുബന്ധിച്ച് കുട്ടികളുടെ കലാ സാഹിത്യ മത്സരങ്ങളും കായിക വിനോദ മത്സരങ്ങളുമുണ്ടായിരിക്കണം. പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികളെ ആദരിക്കന്നതും ഖുർആൻ പഠന വേദിയിൽ മികവുപുലർത്തുന്നവർക്ക് സമ്മാനംനൽകുന്നതും മഹല്ല്സംഗമങ്ങളിൽവെച്ചാകുന്നത് നല്ലതാണ്.
7. മഹല്ല് സംഗമങ്ങൾ ജാതി മത ഭേദമന്യേ മുഴുവൻ ആളുകൾക്കും പങ്കെടുക്കാൻ സാധിക്കും വിധമായിരിക്കണം സംഘടിപ്പിക്കുന്നത്.
8. ക്ലസ്റ്റർ ഭാരവാഹികൾ, മഹല്ല് കമ്മറ്റി, സകാത് കമ്മറ്റി, വിദ്യാഭ്യാസ സമിതി, മസ്വലഹത്ത് സമിതി, സേവന വേദി, വനിത വേദി എന്നിവയുടെയൊക്കെ കാലാവധി പരമാവധി മൂന്ന് വർഷമായിരിക്കണം.
9. എല്ലാ തലങ്ങളിലുമുള്ള എക്കൗണ്ടുകൾ എപ്പോഴും കൃത്യവും സുതാര്യവും മഹല്ല് നിവാസികൾക്ക് പ്രാപ്യവുമായിരിക്കണം. വർഷത്തിലൊരിക്കൽ മഹല്ല് സംഗമങ്ങളിലോ മറ്റോ അവതരിപ്പിക്കണം.
10. ഫിത്വർസകാത്, ബലി മാംസം തുടങ്ങിയവ മുസ്ലിംകളല്ലാത്തവർക്കും നൽകാമെന്ന് വിശ്വസിക്കുന്നവർ പ്രദേശത്തെ അർഹരായവരെ ജാതി മത ഭേദമന്യേ പരിഗണിക്കണം. മുസ്ലിംകളല്ലാത്തവർക്ക് നൽകാൻ പാടില്ലെന്ന് വിശ്വസിക്കുന്നവർ സഹോദരസമുദായങ്ങൾക്ക് ആ സന്ദർഭത്തിൽ അരിയും മാംസവും ലഭ്യമാക്കാൻ മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്തണം. നമ്മുടെ ആഘോഷങ്ങൾ അവർക്കു കൂടി അനുഗ്രഹവും ആഹ്ലാദദായകവുമായിരിക്കണം.

മസ്ജിദ്
കൗൺസിൽ
കേരള
ഹിറാ സെന്റർ, പി.ബി. നമ്പർ 833, കോഴിക്കോട് - 673 004
ഫോൺ:0495-2720752, 2722709
Email: masjidcouncilkerala@gmail.com, www.jihkerala.org